(ബി) ഗ്രാമോല്ലാരണ കേന്ദ്രത്തിൽ നിന്ന ചിലവിട്ട നന്നാക്കിട്ടുള്ള കിണറുകളും, കുളങ്ങളും എല്ലാ ജാതി മതസ്തക്കും ഒരുപോലെ പ്രവേശനാനുവാദമുള്ള പൊതുകുളങ്ങളും കിണറുകളും ആണോ;

(ഡി) ചേറ്റിൽ പുത്തൻകുളത്തിലെ ചണ്ടി നീക്കുന്നതിനും മറ്റും ഫി ക. കൊടുത്തിട്ടില്ലേ;

(ഡി) ആ കുളം എല്ലാ ജാതി മതസ്തക്കും പ്രവേശനം ഉള്ളതാണോ;

(ഇ) പ്രസ്തുത കുളത്തിലെ ചണ്ടി നീക്കുന്നതിനു യഥാർത്ഥത്തിൽ എത്ര സംഖ്യ ചിലവായിട്ടുണ്ടെന്ന് ആഫീസർ അവർകൾ അന്വേഷിച്ചിട്ടുണ്ടോ;

(എഫ്) ആ കുളം നന്നാക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടതു ആരാണ്;

ഡോക്ടർ എം. ആർ. മേനോൻ:

(എ) ആകെ ക. ഫ, ഫറന്സ —ന —ഫ ചിലവായിട്ടുണ്ട്.

(ബി) പൊതുകുളങ്ങളും, കിണറുകളും ഉണ്ട്, അതെയുമുണ്ട്. ഗ്രാമോല്ലാരണ കേന്ദ്രത്തിൽ നിന്നും ചിലവിട്ട നന്നാക്കിച്ചിട്ടുള്ള കിണറുകളും കുളങ്ങളും എല്ലാ ജാതി മതസ്തക്കും ഒരുപോലെ പ്രവേശനാനുവാദമുള്ളതാണോ എന്നുള്ളതിനേക്കാൾ ആ വക കിണറുകളും കുളങ്ങളും അവയുടെ പരിസരങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് സൌകര്യപ്പെട്ടവയാണോ എന്നുള്ളതാണ് നോക്കിട്ടുള്ളതു.

(സി ഉവ്വ്.

(ഡി) അല്ല.

(ഇ) ഉവ്വ്.

(എഫ്) ഫ ഫ ഫ കംഭം ന്.ാംന- പബ്ലിക്ക് ഹെൽത്ത് ഡയറക്ടറും റൂറൽ ഡവലപ്പുമെൻറ് ആഫീസറും കൂടി കുളം പരിശോധിച്ചപ്പോൾ അതു വെടിപ്പാക്കേണ്ടതു അത്യാവശ്യമാണെന്ന ബോദ്ധ്യപ്പെടുകയും അതിലേക്കായി നാട്ടുകാരുടെ സഹകരണത്തോട് കൂടിയാണെങ്കിൽ ഫി ക. ചിലവു ചെയ്യാമെന്ന തീർച്ചയാക്കുകയും ചെയ്ത ചേറ്റ് ഗ്രാമോല്ലാരണ സംഘം മുഖാന്തരം പണി ഡിപ്പാർട്ടുമെണ്ടിൽ നിന്നും നേരിട്ട നടത്തുകയും ചെയ്തു.

RURAL DEVELOPMENT CENTRE—PURCHASE OF SMOKERS

454. മിസ്റ്റർ കെ. എസ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടിണ്ടെങ്കിൽ സഭയെ മറുപടി പറയുമോ.—

(എ) തേനീച്ചകുത്താതിരിപ്പാൻ ഉപയോഗിക്കുന്ന smoker വേപ്പ് ഗ്രാമോല്ലാരണ കേന്ദ്രങ്ങളിലേക്ക് എത്ര എണ്ണം വാങ്ങിട്ടുണ്ട്;

(ബി) എവിടെ നിന്ന്, എന്തുവിലക്കു വാങ്ങി;

LIBRARY ARCHIVES Kerala Legislative Assembly

(സി) അതു തേനീച്ച വിദഗ്ദ്ധന്റെ ശുപാർശയനുസരിച്ചാണൊ വാങ്ങിയതു";

(ഡി) എവിടെ നിന്നാണ് അതു വാങ്ങിയതു";

(ഇ) അതിൽ എത്ര എണ്ണം ഗ്രാമങ്ങളിൽ വിതരണം ചെയ്തിട്ടുണ്ടു";

(എഫ്) വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തെല്ലാം;

(ജി) കേന്ദ്രത്തിൽ നിന്നു് എത്ര തേൻക്കൂട്", എതെല്ലാം വില്ലേജിൽ, ആക്കൊക്കെ വിതരണം ചെയ്തിട്ടുണ്ടു";

(എച്ച്) വിതരണം ചെയ്തിട്ടുള്ളതു് ആരാണു";

(ഐ) വിതരണ വ്യവസ്ഥകൾ എന്തെല്ലാം;

(ജെ) ആ വ്യവസ്ഥാനുസരണം ആരെങ്കിലും പ്രവൃത്തിച്ചിട്ടുണ്ടോ;

(കെ) ഇല്ലെങ്കിൽ അതു സംബന്ധമായി എന്തു നടപടി എടുത്തിട്ടുണ്ടു";

(എൽ) മാർത്താണ്ഡത്തുനിന്നു് എത്ര കുപ്പി തേൻ വരുത്തിട്ടുണ്ടു";

(എം) അതിനു കുപ്പി ഒന്നിനു" എത്ര ഉറുപ്പിക യാത്രച്ചിലവും പ്പടെ വിലയായിട്ടുണ്ടു";

(എൻ) ആ തേൻ വിറ്റവകയിൽ എത്ര ഉറുപ്പിക കിട്ടീട്ടുണ്ടു";

(ഒ) തേനീച്ചകൃഷി ഒരു കുടിൽ വ്യവസായമായി ശ്രദ്ധിക്കുണ്ടു ചിലവിന്മേൽ പ്രത്യേക വിദഗ്ദ്ധനെ വെച്ചു് നടത്തിത്തുടങ്ങീട്ടു് എത്രകാലമായി;

(പി) ആ വിദഗ്ദ്ധൻ ചേർപ്പിലെ കേന്ദ്രം സ്ഥാപിക്കുന്നതുവരെ സ്റ്റോക്കർ ഉപയോഗിച്ചിരുന്നുവോ;

(ക്യൂ) മാർത്താണ്ഡത്തു നിന്നു തേനീച്ച ഉൾപ്പടെ വാങ്ങിച്ച കൂടുകൾ എത്ര, അതു് ഓരോന്നിനും എന്തുവീതം വിലയായിട്ടുണ്ടു"?

ഡോക്ടർ എ. ആർ. മേനോൻ:

(എ) പത്തു എണ്ണം.

(ബി) മാർത്താണ്ഡം വൈ. എം. സി. എ. യിൽ നിന്നു് ഫ കു. ര് ണ. വിലക്കു് ഒന്നും, പ ഴ എണ്ണം ഫസ ണ. സു പൈ വീതം നാട്ടിൽ ഉണ്ടാക്കിവാങ്ങിച്ചതും.

(സി) അല്ല.

(ഡി) (ബി) ചോദ്യോത്തരംകൊണ്ടു് ഇതിനു് ഉത്തരം ആവശ്യമില്ല.

(ഇ) ഫ ഴ എണ്ണം.

(എഫ്) ഫ ര് എണ്ണം റൊക്ക വിലക്കും സ എണ്ണം തേനീച്ചയോ ഉറുപ്പികയായോ മേടം സ൦-൦ന- ക്കുകൊടുത്തു തന്നുകൊള്ളാമെന്നുള്ള നിശ്ചയത്തിന്മേലും.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ടി വിവരം കാണിക്കുന്ന പട്ടിക കൌൺസിൽ മേശപ്പുറത്തു വെച്ചിരിക്കുന്നു.

(എച്ച്) റൂറൽ ഡവലപ്പ്മെൻറ് ഓഫീസർ.

(ഐ) വിതരണ വ്യവസ്ഥയുടെ ഒരു കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു. (ഫ്ര-ാം അനുബന്ധം നോക്കുക).

(ജെ) എല്ലാവരും പ്രവൃത്തിച്ചു വരുന്നു.

(കെ) (ജെ) ചോദ്യോത്തരംകൊണ്ടു മറുപടി ആവശ്യമില്ല.

(എൽ) വരുത്തീട്ടില്ല.

(എം), (എൻ). (എൽ) ചോദ്യോത്തരമനുസരിച്ച് ഉത്തരം ആവശ്യമില്ല.

(ഒ) ൻ കൊല്ലമായി. പ്രചരണവേല തുടങ്ങിട്ട് ൻ കൊല്ലമായിയെങ്കിലും വ്യവസ്ഥാപിതമായ പ്രവൃത്തി തുടങ്ങിയതു് ഈ സെൻറർ സ്ഥാപിച്ചതോടുകൂടിയാണു്.

(പി) ഇല്ല.

(ക്യൂ) ൻ കൂട്ടു്. വില ര്ഫ ക. വ ണ. (അൻപത്തി ഒന്നര രൂപ്പികമാത്രം)

RURAL DEVELOPMENT CENTRE—CLERK

455. മിസ്റ്റർ കെ. എസ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു് മഹയായി മറുപടി പറയുമോ.—

(എ) ചേറ്റു ഗ്രാമോദ്ധാരണ കേന്ദ്രത്തിലെ ക്ലാർക്കു് ആരാണു്;

(ബി) ക്ലാർക്കായി അയക്കുന്നതിനുമുമ്പു് ജോലി എന്തായിരുന്നു;

(സി) ബോർഡിൽനിന്നാണോ അയാളെ ക്ലാർക്കായി നിയമിച്ചിരിക്കുന്നതു്;

(ഡി) ബോർഡിൽനിന്നു് അദ്ദേഹത്തെ ഒരു പി. ൻ ടിച്ചറായിട്ടല്ലേ നിയമിച്ചിരുന്നതു്;

(ഇ) അദ്ദേഹത്തിൻെറ പരീക്ഷായോഗ്യതകൾ എന്തെല്ലാം;

(എഫ്) അദ്ദേഹത്തെപ്പറ്റി കേന്ദ്രത്തിലെ കൂലിവേലക്കാർ അധികാരസ്ഥാനങ്ങളിൽ വല്ല പരാതിയും ചെയ്തിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ പരാതികളുടെ താല്പര്യങ്ങൾ എന്തെല്ലാം;

(എച്ച്) ഒരു ക്രിമിനൽ കേസിൽ തൻെറ വിരോധികൾക്കു് ആഫീസു് റിക്കാർഡുകൾ ക്ലാർക്ക കൊടുത്തു എന്നു് തൃശൂർ ഗ്രാമോദ്ധാരണ സംഘം സിക്രട്ടറി മിസ്റ്റർ കെ. അച്യുതമേനോൻ പരാതി ചെയ്തിട്ടുണ്ടോ;

(ഐ) ആഫീസുരഹസ്യം ക്ലാർക്കു് പുറത്തുവിട്ടതായി ഗവൺമെൻറിനറിവുണ്ടോ;

(ജെ) ഇദ്ദേഹത്തെ മാറി വിശ്വസ്തനായ മറ്റൊരാളെ നിയമിക്കുന്നതിനു് ആഫീസർ റിപ്പോർട്ടുചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly